പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്ന മിട്ട ചോദ്യം നമ്പർ: 61

12.12.2012 ൽ മറുപടിയ്ക്ക്

<u>ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ വിവരം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. വിൻസെന്റ് :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. എ. റ്റി. ജോർജ് :<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) വിപണിയിൽ ഇറങ്ങുന്ന മരുന്നുകളിൽ ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ വിവരം എസ്.എം.എസ് വഴി അറിയിക്കുന്നതിനുള്ള സംവിധാനത്തിന് തുടക്കം കുറിച്ചിട്ടു ണ്ടോ ; | (എ) ഡ്രഗ്സ് കൺട്രോൾ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) ഈ സംവിധാനത്തിന്റെ പ്രവർത്തനവും സവിശേഷതകളും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഗുണനിലവാരമില്ലാത്ത മരുന്നുകളെ ക്കുറിച്ചുള്ള വിവരങ്ങൾ ഉടൻ തന്നെ ഇൻസ്പെക്ടർമാർക്കും, കെമിസ്റ്റിനും മറ്റുള്ളവർക്കും ലഭ്യമാകുന്നതിനാൽ വിപണിയിൽ നിന്ന് എത്രയും പെട്ടെന്ന് ഈ മരുന്നുകൾ ഒഴിവാക്കുന്നതിന് സാധിക്കും. മൊബൈൽ വഴി വിവരങ്ങൾ അറിയുന്നത് കാരണം ഇക്കാര്യം ഉടനെ ശ്രദ്ധിക്കപ്പെടും. കൂടാതെ ഇത് തെളിവ് കൂടിയാണ്. |
| (സി)ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ വിവരം ജനങ്ങളിലെത്തിക്കാൻ ഉ ണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് ഈ സംവിധാനത്തിൽ ഒരുക്കിയിട്ടുള്ളത് ; | (സി) മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യുന്ന എല്ലാവർക്കും വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതാണ്. |
| (ഡി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) ഭരണ തലത്തിൽ ഈ സംവിധാനത്തിനുള്ള അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ